## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3326 — 21.12.2012-ൽ മറുപടിക്ക്

### നവീന മാലിന്യ സംസ്കരണ പ്ലാന്റുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ബി. അബ്ദുൾ റസാക്<br>,, പി. കെ. ബഷീർ<br>,, എം. പി. അബ്ദുസ്സമദ് സമദാനി<br>,, വി. എം. ഉമ്മർ മാസ്റ്റർ | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) നവീന മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി സർക്കാർ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നുണ്ടോ ; | എ) ഉണ്ട്. |
| ബി) എങ്കിൽ പ്രസ്തുത പ്ലാന്റുകൾ എവിടെയെല്ലാമാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്നും, സർക്കാർ ഉടമസ്ഥതയിലാണോ സ്ഥാപിക്കുന്നത് എന്നതും സംബന്ധിച്ചവിശദവിവരം ലഭ്യമാക്കുമോ ; | ബി) നവീന രീതിയിലുള്ള മാലിന്യ സംസ്കരണ പ്ലാന്റുകൾ തിരുവനന്തപുരം, കൊല്ലം, കോട്ടയം, ബ്രഹ്മപുരം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ പബ്ലിക് പ്രൈവറ്റ് പാർട്ണർഷിപ്പ് (പി.പി.പി) അടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ആയതിന്റെ ആദ്യഘട്ടമായി തിരുവനന്തപുരത്ത് ചാലയിൽ 35 ടൺ ശേഷിയുള്ള നവീന മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിലേക്ക് ഏജൻസിയെ തെരഞ്ഞെടുക്കുകയും കൺസെഷൻ എഗ്രിമെന്റ് ഒപ്പിടുകയും ചെയ്തിട്ടുണ്ട്. |
| സി) അറവുശാലകളിലെ മാലിന്യ നിർമ്മാർജ്ജനവും പ്രസ്തുത പ്ലാന്റുകൾ മുഖേന നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; അറവുശാലാ മാലിന്യ നിർമ്മാർജ്ജനത്തിന് ഇപ്പോഴുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്? | സി) അറവുശാലയിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിലേക്കായി ബയോഗ്യാസ് പ്ലാന്റുകളും, കമ്പോസ്റ്റിംഗ് സംവിധാനവും, ദ്രവമാലിന്യ സംസ്കരണ യൂണിറ്റുകളും അറവുശാലയോടൊപ്പം നിർമ്മിച്ച് സംസ്കരണ സംവിധാനങ്ങൾ സജ്ജമാക്കാനാണ് നടപടി എടുത്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ